LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി വ്യവസായമേഖലയിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ നടപടി

214(921) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ കേരളത്തിലെ കൈത്തറി വ്യവസായമേഖലയിൽ നിന്ന് കാൽലക്ഷത്തോളം തൊഴിലാളികൾ കൊഴിഞ്ഞു പോവുകയും നൂറോളം സഹകാര്യ-സഹകരണ ടെക്സ്റ്റയിൽ കമ്പനികൾ അടച്ചു പൂട്ടുകയും ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഉൽപ്പാദനച്ചെലവിനനുസരിച്ച് ആഭ്യന്തരവിപണിയിലും വിദേശ വിപണിയിലും ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കാത്ത സാഹചര്യം ഉൽപ്പാദനം നിർത്തിവയ്ക്കാൻ കാരണമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഭാവിയിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; അടച്ചുപൂട്ടിയ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം-

(എ) കാൽലക്ഷത്തോളം തൊഴിലാളികൾ കൊഴിഞ്ഞു പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ സഹകരണ ടെക്സ്റ്റൈയിൽസ് കമ്പനികൾ ഒന്നും തന്നെ അടച്ചു പൂട്ടിയിട്ടില്ല. കുറച്ചു വർഷങ്ങൾക്കു മുൻപ് പ്രവർത്തനരഹിതമായിരുന്ന തിരുവനന്തപുരം സ്പിന്നിംഗ് മിൽ 2009 ആഗസ്ത് 31-ന് തുറന്നു പ്രവർത്തനം ആരംഭിച്ചു. സ്വകാര്യ ടെക്സ്റ്റൈൽസ് മേഖലയെ സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല.

(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പരമ്പരാഗത വ്യവസായമായ കൈത്തറിയുടെ നിലനിൽപ്പിനും അഭിവൃദ്ധിക്കും സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.

പരമ്പരാഗത വ്യവസായരംഗം പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി

215(922) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പരമ്പരാഗത വ്യവസായരംഗത്ത് എന്തൊക്കെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ ;